18
2024
ഒക്ടോബർ
വെള്ളി
തുലാം 2

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-5, Issue No.288 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-288 പേജ് 4. വില 2.00 രൂപ




02 സംസ്ഥാന സ്കൂൾ കായികമേള നവംബർ 4 മുതൽ 11 വരെ കൊച്ചിയിൽ

03 കെ. സുരേന്ദ്രനെ കുറ്റവിമുക്തനാക്കിയ ഉത്തരവ് സ്റ്റേ ചെയ്ത് ഹൈക്കോടതി

04 ലെബനനിലെ ഹിസ്ബുള്ള താവളങ്ങളിൽ നിന്നും റഷ്യൻ ആയുധങ്ങൾ

# വഴയില പഴകുറ്റി നാലുവരി പാത: പ്രവൃത്തി നിർമാണോദ്ഘാടനം ഇന്ന്

തിരുവനന്തപുരം: നെടുമങ്ങാട് വഴയില പഴകുറ്റി നാലുവരിപ്പാതാവികസനത്തിന്റെ ഭാഗമായി ആദ്യ റീച്ചിൽ ഉൾപ്പെട്ട വഴയില മുതൽ കെൽട്രോൺ ജംഗ്ഷൻ വരെയുള്ള 3.9 കിലോമീറ്റർ റോഡ് പാലം വർക്കുകളുടെ നിർമാ ണത്തിനുള്ള ടെണ്ടറിനു മന്ത്രിസഭായോഗം അംഗീകാരം നൽകി. ഇപ്രകാരം 93.64 കോടി രൂപയാണു നിർമാണ പ്രവൃത്തിയ് ക്കായി ചിലവാകുന്നത്.

നാലുവരിപ്പാതവികസനത്തിനു 928.87 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് ലഭിച്ചിരുന്നത്. ആദ്യ റീച്ചിൽ ഉൾപ്പെടുന്ന കരകുളം ഫ്ലൈഓവർ നിർമാണത്തിനായി 58.7 കോടി രൂപയുടെ അംഗീകാരം നേരത്തെ ക്യാബിനറ്റിൽനിന്ന് ലഭിച്ചിരുന്നു.

കരകുളം ഫ്ലൈഓവറിന്റെ നിർമാണോദ്ഘാടനം ഇന്നു വൈകുന്നേരം അഞ്ചിന് ഏണിക്കര ജംഗ്ഷനിൽ മന്ത്രി ജി.ആർ. അനിലിന്റെ അധ്യക്ഷതയിൽ മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിക്കും. മന്ത്രി വി. ശിവൻകുട്ടി, അടൂർ പ്രകാശ് എംപി, എംഎൽഎമാരായ ജി. സ്റ്റീഫൻ, വി.കെ. പ്രശാന്ത് എന്നിവർ മുഖ്യാഥിതിയായി പങ്കെടുക്കും. നെടുമങ്ങാട് നിവാസികളുടെ ചിരകാല സ്വപ്നമായ പദ്ധതിയാണ് യാഥാർഥ്യകുന്നതെന്നു മന്ത്രി ജി.ആർ. അനിൽ പറഞ്ഞു.

വഴയില മുതൽ കെൽട്രോൺ വരെ 9.5 കിലോ മീറ്ററും നെടുമങ്ങാട് ടൗണിൽ പഴകുറ്റി പെട്രോൾ പമ്പ് ജംഗ്ഷനിൽ നിന്നാരംഭിച്ച് കച്ചേരി നട വഴി 11ാം കല്ലു വരെയുള്ള 1.240 കിലോ മീറ്റർ ഉൾപ്പെടെ 11.240 കി.മീ. റോഡാണ് നാലുവരി പാതയിൽ ഉൾപ്പെടുന്നത്. 15 മീറ്റർ ടാറിംഗും സെൻറ റിൽ രണ്ടുമീറ്റർ മീഡിയനും ഇരുവശങ്ങളിലുമായി രണ്ടു മീറ്റർ വീതിയിൽ യൂട്ടിലിറ്റി സ്പേസും ഉൾപ്പെടെയാണ് 21 മീറ്റർ വീതിയിൽ റോഡ് നിർമിക്കുന്നത്.

മൂന്നു റീച്ചുകളിലായാണു നിർമാണം നടക്കുന്നത്. മേൽപാലം 375മീറ്റർ നീളമുള്ള മേൽപാലത്തിന് 25 മീറ്ററിന്റെ 15 സ്പാനുകളാണ് ഉള്ളത്. പ്രസ്തുത മേൽപാലത്തിന് 15 മീറ്ററിന്റെ ക്യാരേജ് വേയും 0.75 മീറ്ററിന്റെ സെൻറർ മീഡിയനും ഇരുവശത്തും 0.5 മീറ്ററിന്റെ ക്രാഷ് ബാരിയറും ഉൾപ്പെടെ 16.75 മീറ്റർ വീതിയിലാണ് നിർമിക്കുന്നത്. മേൽപാലത്തിന്റെ ഇരുവശങ്ങളിലുമായി 300 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും 3.5 മീറ്റർ വീതിയിൽ സർവീസ് റോഡും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

കരകുളം പാലം 25 മീറ്റർ നീളവും 10 മീറ്റർ വീതിയുമുള്ള രണ്ട് പാലമായിട്ടാണ് കരകുളം പാലം വിഭാവനം ചെയ്തിട്ടുള്ളത്. പാലത്തിന് 7.5 മീറ്റർ ക്യാരേജ് വേയും .05 മീറ്ററിന്റെ ക്രാഷ് ബാരിയറും 1.5 മീറ്റർ വീതം ഇരുവശങ്ങളിലും ഫുട്പാത്തും ഉൾപ്പെടുത്തി 21 മീറ്റർ വീതിയിലാണ് നിർമിക്കുന്നത്. ആദ്യ റീച്ചിൽ പേരൂർക്കട, കരകുളം വില്ലേജുകളിൽ നിന്നായി 7 ഏക്കർ 81 സെൻറ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നവരുടെ പുനരധിവാസത്തിന് 190.57 കോടി രൂപയാണ് വിതരണം ചെയ്തത്.

കെൽട്രോൺ ജംഗ്ഷൻ മുതൽ വാളിക്കോട് ജംഗ്ഷൻ വരെയാണ് രണ്ടാമത്തെ റീച്ച്. അരുവിക്കര, കരകുളം, നെടുമങ്ങാട് വില്ലേജുകളിൽ നിന്നായി 11 ഏക്കർ 34 സെൻറ് ഭൂമി ഏറ്റെടുക്കുന്നത്. പുനരധിവാസ പാക്കേജ് ലാൻറ് റവന്യു കമ്മീഷണർ അംഗീകരിച്ചിട്ടുണ്ട്. ഈ റീച്ചിൽ ഭൂമി ഏറ്റെടുക്കുന്നവർക്കുള്ള നഷ്ട പരിഹാരത്തിനായി 282 കോടി രൂപ കിഫ്ബി വകയിരുത്തിയിട്ടുണ്ട്. ഡിസംബർ മാസത്തിൽ തുക വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

വാളിക്കോട് പഴകുറ്റി പമ്പ് ജംഗ്ഷൻ മുതൽ കച്ചേരി നട11ാം കല്ല് വരെയാണ് മൂന്നാം റിച്ച്. 6 ഏക്കർ 80 സെൻറ് ഭൂമിയാണ് ഈ റീച്ചിൽ ഏറ്റെടുക്കുന്നത്. 322.58 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി വകയിരുത്തിയിട്ടുണ്ട്. മൂന്നാമത്തെ റീച്ചിൽ വ്യാപാര സ്ഥാനങ്ങൾ കൂടുതൽ ഉള്ളതിനാൽ സമയബന്ധിതമായി വില നിർണ്ണയം നടത്തി മതിയായ നഷ്ട പരിഹാരം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

# ദിവ്യയെ നീക്കി; കണ്ണൂർ ജില്ലാ പഞ്ചായത്തിന് പുതിയ പ്രസിഡന്റ്



കണ്ണൂർ: കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്ത് നിന്ന് പി.പി. ദിവ്യയെ നീക്കി. എ.ഡി.എം. നവീൻ ബാബുവിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ടാണ് നടപടി. വ്യാഴാഴ്ച ഉച്ചയ്ക്ക് ചേർന്ന സി.പി.എം. ജില്ലാ സെക്രട്ടേറിയേറ്റ് യോഗത്തിലാണ് പി.പി. ദിവ്യയെ ജില്ലാ പ്രസിഡൻറ് സ്ഥാനത്ത് നിന്ന് നീക്കാൻ തീരുമാനിച്ചത്. സംഭവത്തിൽ ആത്മഹത്യാ പ്രേരണ കുറ്റം ചുമത്തിയ കേസു കൂടിയുള്ളതിനാൽ ദിവ്യയെ സംരക്ഷിക്കേണ്ടതില്ലെന്ന നിലപാടാണ് പാർട്ടി സ്വീകരിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി കെ.കെ.രത്നകുമാരിയെ പരിഗണിക്കാനും സി.പി.എം. ജില്ലാ സെക്രട്ടേറിയേറ്റ് തീരുമാനിച്ചു. പത്തനംതിട്ട ജില്ലാ നേതൃത്വത്തിൽ നിന്ന് പി.പി. ദിവ്യക്കെതിരായ നീക്കമാണുണ്ടായത്. ഉപതിരഞ്ഞെടുപ്പുകൾ വരുന്ന സാഹചര്യം കൂടി കണക്കിലെടുത്താണ് ഈ തീരുമാനമെന്നും വിലയിരുത്തപ്പെടുന്നു.

അതേസമയം രാജി പ്രഖ്യാപിച്ച് പി.പി. ദിവ്യ ഒരു കത്ത് പുറത്തുവിട്ടിട്ടുണ്ട്. കുടുംബത്തിന്റെ സങ്കടത്തിൽ പങ്കുചേരുന്നുവെന്നും അന്വേഷണത്തിൽ സഹകരിക്കുമെന്നും നിരപരാധിത്വം നിയമവഴിയിലൂടെ തെളിയിക്കുമെന്നും പി.പി. ദിവ്യ പറഞ്ഞു. അഴിമതിക്കെതിരായ സദുദ്ദേശപരമായ വിമർശനമാണ് താൻ നടത്തിയതെന്നും ചില ഭാഗങ്ങൾ ഒഴിവാക്കേണ്ടതായിരുന്ന പാർട്ടി നിലപാട് ശരിവെക്കുന്നുവെന്നും ദിവ്യ രാജി കത്തിൽ പറഞ്ഞു.

# എ.ഡി.എമ്മിന്റെ മരണത്തിൽ പിപി ദിവ്യക്കെതിരെ കേസെടുത്തു; ആത്മഹത്യാപ്രേരണ കുറ്റം ചുമത്തി

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യക്കെതിരെ പോലീസ് കേസെടുത്തു. നവീൻ ബാബുവിന്റെ സഹോദരൻ നൽകിയ പരാതിയിൽ ആത്മഹത്യാ പ്രേരണ കുറ്റം ചുമത്തിയാണ് പോലീസ് കേസ്. 10 വർഷം വരെ ശിക്ഷ ലഭിക്കാവുന്ന വകുപ്പ് ദിവ്യക്കെതിരെ ചുമത്തിയിട്ടുണ്ട്.

ദിവ്യയുടെ പരാമർശം ഒഴിവാക്കേണ്ടതായിരുന്നുവെന്ന സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന്റെ പരാമർശത്തിന് പിന്നാലെയാണ് നടപടി. ദിവ്യക്കെതിരെ നവീന്റെ സഹോദരൻ സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകിയിട്ടും നടപടിയെടുക്കാൻ പോലീസ് നേരത്തെ തയ്യാറായിരുന്നില്ല. അസ്വാഭാവിക മരണമെന്ന് മാത്രമായിരുന്നു എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയിരുന്നത്.

കണ്ണൂർ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് നവീൻ ബാബുവിനെ ചൊവ്വാഴ്ച കാലത്താണ് കണ്ണൂർ പള്ളിക്കുന്നിലെ ക്വാർട്ടേഴ്സിൽ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തിയത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യയുടെ അഴിമതിയാരോപണത്തിനു പിന്നാലെയായിരുന്നു മരണം. കഴിഞ്ഞ ദിവസം നടന്ന യാത്രയയപ്പ് ചടങ്ങിനിടെയായിരുന്നു പ്രസിഡന്റിന്റെ ആരോപണം. പെട്രോൾ പമ്പിന് എൻ.ഒ.സി. നൽകാൻ എ.ഡി.എം. വഴിവിട്ട നീക്കങ്ങൾ നടത്തിയെന്നാണ് പി.പി. ദിവ്യ ആരോപിച്ചിരിക്കുന്നത്. ഇതിന്റെ വിവരങ്ങളെല്ലാം തന്റെ കൈവശമുണ്ടെന്നും ആവശ്യമുള്ളപ്പോൾ പുറത്തുവിടുമെന്നുമായിരുന്നു അവർ പറഞ്ഞത്.

# പൂരം കലക്കൽ; അന്വേഷണത്തിന് പ്രത്യേക സംഘമായി

തിരുവനന്തപുരം: തൃശൂർ പൂരം അട്ടിമറി അന്വേഷിക്കുന്നതിന് പ്രത്യേക സംഘമായി. ലോക്കൽ പോലീസിലെയും സൈബർ ഡിവിഷനിലെയും വിജിലൻസിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് പ്രത്യേക സംഘം രൂപീകരിച്ചിരിക്കുന്നത്.

ക്രൈംബ്രാഞ്ച് മേധാവി എച്ച്.വെങ്കിടേഷ് പ്രത്യേക സംഘത്തിന് നേതൃത്വം നൽകും. തൃശൂർ റേഞ്ച് ഡിഐജി തോംസൺ ജോസ്, കൊല്ലം റൂറൽ എസ്പി സാബു മാത്യു, കൊച്ചി എസിപി പി.രാജ് കുമാർ, വിജിലൻസ് ഡിവൈഎസ്പി ബിജു വി.നായർ ഇൻസ്പെക്ടർമാരായ ചിത്തരഞ്ചൻ, ആർ. ജയകുമാർ എന്നിവരും സംഘത്തിലുണ്ട്.

പൂരം കലക്കലിൽ ഡിജിപിയുടെ ശിപാർശയിൽ കഴിഞ്ഞ മൂന്നിനാണ് ത്രിതല അന്വേഷണം സർക്കാർ പ്രഖ്യാപിച്ചിരുന്നത്. ഇതിലൊന്നാണ് പ്രത്യേക സംഘത്തിന്റെ അന്വേഷണം. പൂരം കലക്കലുമായി ബന്ധപ്പെട്ട് എഡിജിപി എം.ആർ.അജിത്കുമാർ നൽകിയ റിപ്പോർട്ട് ഡിജിപിയും ആഭ്യന്തര വകുപ്പും തള്ളിയതിനു പിന്നാലെയാണ് തുടരന്വേഷണത്തിനു തീരുമാനമായത്.

പൂരം കലക്കലുമായി ബന്ധപ്പെട്ട് എം.ആർ.അജിത് കുമാറിന് ഉണ്ടായ വീഴ്ചകൾ ഡിജിപി ഷെയ്ഖ് ദർവേഷ് സാഹിബ് അന്വേഷിക്കും. ഗൂഢാലോചന ക്രൈംബ്രാഞ്ച് എഡിജിപിയായിരിക്കും അന്വേഷിക്കുക. വിഷയത്തിൽ ഇൻറലിജൻസ് മേധാവിയും അന്വേഷണം നടത്തുന്നുണ്ട്.

# ഹിസ്ബുല്ലയുടെ സീനിയർ കമാൻഡർ കൊല്ലപ്പെട്ടു; ലബനനിലേക്ക് കൂടുതൽ ഇസ്രയേൽ സൈനികർ

ജറുസലം : ബെയ്റൂട്ടിൽ നടത്തിയ ബോംബാക്രമണത്തിൽ ഹിസ്ബുല്ലയുടെ മുതിർന്ന കമാൻഡർ സുഹൈൽ ഹുസൈനിയെ വധിച്ചതായി ഇസ്രയേൽ സൈന്യം പറഞ്ഞു. ഹിസ്ബുല്ലയുടെ മാനേജ്മെന്റ്, ലോജിസ്റ്റിക്സ്, ബജറ്റ് വിഭാഗങ്ങളുടെ ചുമതല വഹിച്ചിരുന്നതു സുഹൈലാണ്. കരയാക്രമണം വിപുലമാക്കാനായി തെക്കൻ ലബനൻ അതിർത്തിയിലേക്കു റിസർവ് സൈനികരുടെ ആദ്യഡിവിഷനെത്തി. ഇന്നലെയും വടക്കൻ ഇസ്രയേലിലേക്ക് ഹിസ്ബുല്ല ശക്തമായ റോക്കറ്റാക്രമണം തുടർന്നു.

കഴിഞ്ഞയാഴ്ച ലബനൻ അതിർത്തി കടന്ന ഇസ്രയേൽ സൈന്യം മേഖലയിലെ ഡസൻകണക്കിനു പട്ടണങ്ങളിലെ ആളുകളോട് ഒഴിഞ്ഞുപോകാൻ നിർദേശിച്ചിരുന്നു. 2006 നുശേഷം ലബനൻ അതിർത്തിയിൽ കാവലുള്ള യുഎൻ സമാധാനസേനയുടെ ആസ്ഥാനമായ നഖൗര ടൗണും ഇതിൽ ഉൾപ്പെടും. യുഎൻ സേനാ മന്ദിരത്തിനു സമീപം ടാങ്കുകൾ അടക്കം 40 സൈനികവാഹനങ്ങളെത്തിയെന്നു റിപ്പോർട്ടുണ്ട്. അതേസമയം, ലബനനിലെ വെടിനിർത്തലിനായുള്ള നയതന്ത്ര ശ്രമങ്ങളെ പിന്തുണയ്ക്കുന്നുവെന്ന് ഹിസ്ബുല്ല ഉപമേധാവി നയീം ഖാസിം പറഞ്ഞു.

# കാഞ്ഞിരപ്പള്ളിയിൽ മാതാപിതാക്കളെ കൊലപ്പെടുത്തിയശേഷം മകൻ ജീവനൊടുക്കി

കാഞ്ഞിരപ്പള്ളി: കോട്ടയം കാഞ്ഞിരപ്പള്ളി പാറത്തോട്ടിൽ മാതാപിതാക്കളെ കൊലപ്പെടുത്തിയശേഷം മകൻ ജീവനൊടുക്കി. പാറത്തോട് ചിറഭാഗത്ത് പൂത്തോട്ടത്തിൽ സോമനാഥൻ നായർ (86) ഭാര്യ സരസമ്മ (68) മകൻ ശ്യാംനാഥ് (31) എന്നിവരാണ് മരിച്ചത്. ദമ്പതികളുടെ മൃതദേഹം രക്തം വാർന്ന നിലയിലും ശ്യാംനാഥിനെ തൂങ്ങിമരിച്ച നിലയിലുമാണ് കണ്ടെത്തിയത്.കാഞ്ഞിരപ്പള്ളി പോലീസ് സ്ഥലത്തെത്തി പരിശോധന നടത്തിവരികയാണ്.

# വയനാട്ടിൽ സത്യൻ മൊകേരി എൽഡിഎഫ് സ്ഥാനാർഥി

തിരുവനന്തപുരം: വയനാട്ടിൽ എൽഡിഎഫ് സ്ഥാനാർഥിയായി സത്യൻ മൊകേരി മത്സരിക്കും. സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വമാണ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. തെരഞ്ഞെടുപ്പിന് എൽഡിഎഫ് സജ്ജമാണെന്നും രാഷ്ട്രീയ പോരാട്ടമാണ് വയനാട്ടിൽ നടക്കാൻ പോകുന്നതെന്നും ബിനോയ് വിശ്വം പറഞ്ഞു.

യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി പരാജയപ്പെടുമെന്നും ശുഭാപ്തി വിശ്വാസത്തോടെയാണ് മത്സരത്തിനിറങ്ങുന്നതെന്നും സത്യൻ മോകേരി പറഞ്ഞു. വയനാട്ടിൽ മുൻപ് മത്സരിച്ചുള്ള അനുഭവങ്ങൾ ശക്തമാണ്. ജയപ്രതീക്ഷയുണ്ടെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

2014 ൽ സത്യൻ മോകേരി വയനാട്ടിൽ മത്സരിച്ചപ്പോൾ 20400 വോട്ടുകൾക്കാണ് പരാജയപ്പെട്ടത്.

# നവീൻ ബാബുവിന് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി

പത്തനംതിട്ട: കണ്ണൂർ എഡിഎം നവീൻ ബാബുവിന്റെ സംസ്കാരം നടത്തി. അദ്ദേഹത്തിന്റെ മക്കളായ നിരുപമയും നിരഞ്ജനയുമാണ് അന്ത്യകർമങ്ങൾ ചെയ്തതും ചിതയിലേക്കു തീ പകർന്നതും. പത്തനംതിട്ടയിലെ സ്വകാര്യ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹം രാവിലെയാണു വിലാപയാത്രയായി കളക്ടറേറ്റിലെത്തിച്ചത്.തുടർന്ന് വീട്ടിലെത്തിച്ചു. വീട്ടിലും കളക്ടറേറ്റിലുമായി നൂറുകണക്കിനു പേരാണ് നവീൻ ബാബുവിനെ അവസാനമായി ഒരു നോക്കുകാണാൻ എത്തിയത്. മന്ത്രിമാരായ വീണാ ജോർജും കെ. രാജനും വീട്ടിലെത്തിയിരുന്നു. രാവിലെ മുതൽ കെ. രാജൻ വീട്ടിലുണ്ടായിരുന്നു. നവീൻ ബാബുവിന്റെ മൃതദേഹം ചിതയിലേക്കെടുത്തത് മന്ത്രി അടക്കമുള്ളവരാണ്. മൃതദേഹത്തിന്റെ ഓരോ അറ്റത്തും മന്ത്രി രാജനും കെ. ജെനീഷ് കുമാർ എംഎൽഎയും മറ്റു ജനപ്രതിനിധികളും പിടിച്ചിരുന്നു. കണ്ണൂർ കളക്ടറേറ്റിൽ നടത്തിയ യാത്രയയപ്പ് യോഗത്തിൽവച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി.ദിവ്യ അഴിമതി ആരോപണം ഉന്നയിച്ചതിനു പിന്നാലെയാണ് നവീൻ ബാബു ജീവനൊടുക്കിയത്.



# സംസ്ഥാന സ്കൂൾ കായികമേള നവംബർ 4 മുതൽ 11 വരെ കൊച്ചിയിൽ

*** കലോത്സവം ജനുവരി 4, 8 വരെ തിരുവനന്തപുരത്ത്**
*** ശാസ്ത്രോത്സവം നവംബർ 15, 18 വരെ ആലപ്പുഴയിൽ**

സംസ്ഥാന സ്കൂൾ കായികമേള നവംബർ 4 മുതൽ 11 വരെ കൊച്ചിയിലെ തിരഞ്ഞെടുത്ത 17 സ്റ്റേഡിയങ്ങളിൽ രാവും പകലുമായി സംഘടിപ്പിക്കും. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒളിമ്പിക്സ് മാതൃകയിലാണ് മേള ചിട്ടപ്പെടുത്തുന്നത്. ഇരുപത്തിനാലായിരം കായിക പ്രതിഭകൾ പങ്കെടുക്കുന്ന കായികമേള ലോകത്തെ തന്നെ ഏറ്റവും കൂടുതൽ കായിക താരങ്ങൾ പങ്കെടുക്കുന്ന ഏറ്റവും വലിയ കായിക മാമാങ്കമാകുമെന്നാണ് പ്രതീക്ഷയെന്നും പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളെ കൂടി പങ്കെടുപ്പിക്കുന്ന ഇൻക്ലൂസീവ് സ്പോർട്സ് ഉൾപ്പെടെ 39 കായിക ഇനങ്ങളിൽ പതിനായിരം മത്സരമാണ് സംഘടിപ്പിക്കുന്നത്. നവംബർ 4 ന് വൈകുന്നേരം 5.00 മണി മുതൽ കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഒളിമ്പിക്സിനെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള വിപുലമായ ചടങ്ങുകളോടെ മത്സരങ്ങൾ ആരംഭിക്കും. സമാപനം നവംബർ 11 ന് വൈകുന്നേരം 4.00 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചി മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്യും. കായികമേളയുടെ ചരിത്രത്തിൽ ആദ്യമായി ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്ന ടീമിന് മുഖ്യമന്ത്രിയുടെ എവർ റോളിംഗ് ട്രോഫി സമ്മാനിക്കും. എമിറേറ്റ്സിൽ കേരള സിലബസ്സിൽ പഠിപ്പിക്കുന്ന എട്ട് സ്കൂളുകളിലെ വിദ്യാർത്ഥികൾ കൂടി കായിക മേളയിൽ പങ്കെടുക്കാനുള്ള അവസരം ആദ്യമായി ഒരുക്കുന്നുണ്ട്.

സംസ്ഥാന സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെയുള്ള തീയതികളിൽ തിരുവനന്തപുരത്ത് വിവിധ വേദികളിലായി സംഘടിപ്പിക്കും. ജനുവരി 4 ന് രാവിലെ 10.00 മണിക്ക് മുഖ്യമന്ത്രി കലോത്സവം ഉദ്ഘാടനം ചെയ്യും. കലോത്സവ ചരിത്രത്തിൽ ആദ്യമായി തദ്ദേശീയ ജനവിഭാഗങ്ങളുടെ കലാരൂപങ്ങൾ കൂടി മത്സര ഇനമായി കലോത്സവത്തിൽ അരങ്ങേറും.

ഇരുള നൃത്തം, മലപ്പുലയ ആട്ടം, പളിയ നൃത്തം, മംഗലം കളി, പണിയ നൃത്തം എന്നിവയാണ് കലോത്സവത്തിൽ മത്സര ഇനമായി ഉൾക്കൊള്ളിച്ചിട്ടുള്ളത്. 249 ഇനങ്ങളിലായി 15000 ത്തോളം കുട്ടികൾ കലോത്സവത്തിൽ പങ്കെടുക്കും.

ഈ വർഷത്തെ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം 2024 നവംബർ 15 മുതൽ 18 വരെയുള്ള തീയതികളിലായി ആലപ്പുഴയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസം, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി തലങ്ങളിലെ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.ടി. വിഭാഗങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന കേരള സ്കൂൾ ശാസ്ത്രോത്സവം സംഘടനാ പാടവം കൊണ്ടും മത്സരയിനങ്ങളുടെ വൈവിധ്യം കൊണ്ടും അദ്ധ്യാപക വിദ്യാർത്ഥി പങ്കാളിത്തം കൊണ്ടും ഏഷ്യയിലെ തന്നെ ബൃഹത്തായ ശാസ്ത്രമേളയാകും.

4 ദിവസങ്ങളിലായാണ് ശാസ്ത്രോത്സവം പൂർത്തിയാക്കുന്നത്. ആദ്യ ദിവസത്തിൽ രജിസ്ട്രേഷനും 1,2,3 തീയതികളിൽ മത്സരങ്ങളും, പ്രദർശനവും നടക്കുന്നു. ഏകദേശം 10,000 ത്തോളം മത്സരാർത്ഥികൾ ഈ മേളയിൽ മാറ്റുരയ്ക്കുന്നുണ്ട്. ശാസ്ത്രം, ഗണിത ശാസ്ത്രം, സാമൂഹ്യശാസ്ത്രം, കാലഘട്ടത്തിന്റെ അനിവാര്യതയായ ഐ.റ്റി വിഭാഗം, പ്രവൃത്തിപരിചയം, എന്നിങ്ങനെ 5 വിഭാഗങ്ങളിലായാണ് മത്സരം നടക്കുന്നത്.

എച്ച്.എസ്, എച്ച്.എസ്.എസ്, വി.എച്ച്.എസ്.എസ് വിഭാഗങ്ങളിലായി ആകെ 180 ഇനങ്ങളിൽ ആണ് മത്സരം നടക്കുന്നത്. ശാസ്ത്രോത്സവത്തിന്റെ ഭാഗമായി വൊക്കേഷണൽ എക്സ്പോയും കരിയർഫെസ്റ്റും നടത്തുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

# ജീനോമിക് സീക്വൻസിങ് പ്രോജക്ടുകൾക്ക് ധനസഹായം

സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥയാക്കി മാറ്റുന്നതിന്റെ ഭാഗമായി ജീനോമിക് ഡാറ്റയുടെ പ്രാപ്തിയും കേരളത്തിന്റെ സമ്പന്നമായ ജൈവ വൈവിധ്യവും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെഡിസ്ക്) നേതൃത്വത്തിൽ ആരംഭിച്ച കേരള ജീനോം ഡേറ്റാ സെന്റർ (കെജിഡിസി), ജീനോമിക് സീക്വൻസിംഗ് ആന്റ് ഡേറ്റാ ജനറേഷൻ പ്രോജക്ടുകൾക്ക് ധനസഹായം നൽകാനുള്ള പരിപാടികൾക്ക് തുടക്കം കുറിക്കുന്നു.

പ്ലാന്റ് ജീനോമിക്സ്, ആനിമൽ ജീനോമിക്സ്, മൈക്രോബയൽ ജീനോമിക്സ്, മറൈൻ ജീനോമിക്സ്, സിക്കിൾ സെൽ അനീമിയ, ഡെങ്കിപ്പനി, പകർച്ചവ്യാധിക്കെതിരെയുള്ള തയ്യാറെടുപ്പ് തുടങ്ങി മാരക രോഗാവസ്ഥയ്ക്കും മരണത്തിനും കാരണമാകുന്ന തീരാവ്യാധികളുമായി ബന്ധപ്പെട്ട മറ്റ് പദ്ധതികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഗവേഷണം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും ധനസഹായത്തിന് അർഹരായ ശാസ്ത്രജ്ഞരെയും ഗവേഷകരെയും കണ്ടെത്താൻ, കെജിഡിസി അപേക്ഷകൾ ക്ഷണിക്കുന്നു.

ഗ്രാന്റുകൾക്ക് സയന്റിഫിക് അഡ്വൈസറി ബോർഡ് അംഗീകാരം നൽകും. കൂടാതെ പ്രോജക്ടിന്റെ വ്യാപ്തിയും സാധ്യതയും അനുസരിച്ച് 10 ലക്ഷം മുതൽ 2 കോടി രൂപ വരെ ഗ്രാന്റ് ലഭിക്കാനുള്ള അർഹതതയുണ്ടാകും.

താൽപ്പര്യമുള്ള ഗവേഷകർ / സ്ഥാപനങ്ങൾ, തങ്ങളുടെ പ്രോജക്ട് പ്രൊപ്പോസലുകൾ കെജിഡിസിയുടെ വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കണം.

ശാസ്ത്രീയ പ്രാധാന്യം, പദ്ധതിയുടെ സാധ്യത, കേരളത്തിനുള്ള നേട്ടങ്ങൾ, വാണിജ്യവൽക്കരണ സാധ്യതകൾ, നൂതനാശയം, കെജിഡിസിയുടെ ലക്ഷ്യങ്ങളുമായുള്ള പൊരുത്തപ്പെടൽ എന്നിങ്ങനെയുള്ള ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ധനസഹായത്തിന് അർഹതയുള്ള പദ്ധതികളെ വിലയിരുത്തുന്നത്. വിശദമായ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ കെജിഡിസി പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ / ഗവേഷകർ കേരളത്തിൽ നിന്നുള്ളവരായിരിക്കണം. കേരളത്തിന് പുറത്ത് നിന്നുള്ള ഒരു സ്ഥാപനം അപേക്ഷിക്കുകയാണെങ്കിൽ അവർക്ക് കേരളം ആസ്ഥാനമായുള്ള ഒരു ലൈഫ് സയൻസ് സ്ഥാപനവുമായി പങ്കാളിത്തമോ ധാരണാപത്രമോ ഉണ്ടായിരിക്കണം.

ഡിഎസ്ഐആർ സർട്ടിഫൈഡ് ലബോറട്ടറിയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗവേഷകർക്കും അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കും. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾക്കും അപേക്ഷാ ഫോമുകൾക്കും, കെജിഡിസി വെബ് സൈറ്റ് (www.kgdc.kerala.gov.in) സന്ദർശിക്കുക.

# ആട് വസന്ത രോഗ നിർമ്മാർജ്ജന യജ്ഞം ഇന്നു മുതൽ ആരംഭിക്കും

ആടുകളെയും ചെമ്മരിയാടുകളെയും മാരകമായി ബാധിക്കുന്ന വൈറസ് രോഗ ബാധയായ ജജഞ അഥവാ ആടു വസന്ത എന്ന രോഗത്തിനെതിരെ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പ്രതിരോധ കുത്തിവെയ്പ്പിന്റെ ഒന്നാം ഘട്ടം ഇന്ന് (ഒക്ടോബർ 18ന്) ആരംഭിക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കുടപ്പനക്കുന്ന് കന്നുകാലി വളർത്തൽ ഫാമിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി നിർവഹിക്കും. വട്ടിയൂർക്കാവ് എം എൽ എ അഡ്വ.വി കെ പ്രശാന്ത് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഡി സുരേഷ് കുമാർ മുഖ്യ അതിഥിയാകും.

നവംബർ 5 വരെ നടക്കുന്ന യജ്ഞത്തിലൂടെ 4 മാസത്തിനു മുകളിൽ പ്രായമുള്ള പതിമൂന്നര ലക്ഷത്തോളം ആടുകൾക്കും, 1500 ഓളം ചെമ്മരിയാടുകൾക്കും പ്രതിരോധ കുത്തിവയ്പ് നൽകാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും കർഷകരുടെ വീടുകളിൽ എത്തിതികച്ചും സൗജന്യമായി പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും കുത്തിവയ്പ്പിന്റെ വിവരങ്ങൾ ദേശീയതലത്തിലുളള "ഭാരത് പശുധൻ" പോർട്ടലിൽ റിപ്പോർട്ട് ചെയ്യും. പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞത്തിനായി സംസ്ഥാനമൊട്ടാകെ 1819 സ്ക്വാഡുകൾ സജ്ജീകരിച്ചിട്ടുണ്ടെന്നു ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രോജക്റ്റ് കോർഡിനേറ്റർ അറിയിച്ചു.

കന്നുകാലികളിലെ അതിമാരകമായിരുന്ന കാലിവസന്ത രോഗം 2006 ഓടെ രാജ്യത്തു നിന്നും തുടച്ച് നീക്കിയതുപോലെ ആടുകളിലെ ആടുവസന്ത രോഗവും 2030 ഓടു കൂടി നിർമ്മാർജ്ജനം ചെയ്യുവാനാണ് ഈ പദ്ധതി വഴി സർക്കാർ ലക്ഷ്യമിടുന്നത്.

# 40 ശതമാനത്തിലധികം അംഗവൈകല്യം എംബിബിഎസ് പ്രവേശനത്തിന് തടസമല്ല: സുപ്രീംകോടതി

ന്യൂഡൽഹി: നാൽപതു ശതമാനമോ അതിലധികമോ ഭാഷാ വൈകല്യവുമുള്ള വ്യക്തികൾക്ക് എംബിബിഎസ് കോഴ്സുകളിലേക്കുള്ള പ്രവേശനം നിഷേധിക്കാനാവില്ലെന്ന് സുപ്രീം കോടതി.

ഉദ്യോഗാർഥികളെ എങ്ങനെ അയോഗ്യരാക്കണമെന്ന സമീപനമല്ല ദേശീയ മെഡിക്കൽ കമ്മീഷൻ (എൻഎംസി) സ്വീകരിക്കേണ്ടതെന്ന് ജസ്റ്റീസുമാരായ ബി.ആർ. ഗവായ്, അരവിന്ദ് കുമാർ, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.ഡിസെബിലിറ്റി അസസ്മെൻറ് ബോർഡ് വിദ്യാർഥികളുടെ ഭിന്നശേഷി വിലയിരുത്തണമെന്നും എന്നാൽ ഇത് അന്തിമമാകില്ലെന്നും നിയമ സംവിധാനങ്ങൾക്ക് ഇത് പരിശോധിക്കാമെന്നും കോടതി വ്യക്തമാക്കി.

എംബിബിഎസ് പ്രവേശനം ആവശ്യപ്പെട്ട് 4045 ശതമാനം സംസാരശേഷിയും ഭാഷാവൈകല്യവുമുള്ള വിദ്യാർഥി സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതി ഉത്തരവ്. വിദ്യാർഥിക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് പ്രവേശനം നേടാമെന്ന് കോടതി നിയോഗിച്ച മെഡിക്കൽ ബോർഡ് വ്യക്തമാക്കിയിരുന്നു. തുടർന്ന് പ്രവേശനം അനുവദിച്ചുകൊണ്ട് സെപ്റ്റംബർ 18ന് സുപ്രീംകോടതി ഉത്തരവിട്ടു.ഉത്തരവിന്റെ കാരണങ്ങൾ വ്യക്തമാക്കിയാണ് കോടതി ഇന്നലെ വിശദമായ വിധി പ്രസ്താവിച്ചത്. 1997ലെ ഗ്രാജ്വേറ്റ് മെഡിക്കൽ എജ്യുക്കേഷൻ റെഗുലേഷൻ പ്രകാരം 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവരെ എംബിബിഎസ് കോഴ്സിൽനിന്ന് വിലക്കിയതിനെയാണ് ഹർജിക്കാരൻ ചോദ്യം ചെയ്തത്.

# മോഡേൺ മെഡിസിൻ പ്രാക്ടീസിന് രജിസ്ട്രേഷൻ നിർബന്ധം

കേരളത്തിൽ മോഡേൺ മെഡിസിൻ പ്രാക്ടീസ് ചെയ്യുന്നതിന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ കൗൺസിൽ ഓഫ് മോഡേൺ മെഡിസിൻ രജിസ്ട്രേഷൻ നിർബന്ധമാക്കി. 2020 ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്ട്, അനുബന്ധ ചട്ടങ്ങൾ, 2021 ലെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് എന്നിവ പ്രകാരമാണ് രജിസ്ട്രേഷൻ നിർബന്ധമാക്കിയത്. എംബിബിഎസ് യോഗ്യത രജിസ്റ്റർ ചെയ്യാതെയും എംഡി / എംഎസ് / ഡിഎൻബി, ഡിഎം / എംസിഎച്ച് / ഡിആർ എൻബി തുടങ്ങിയ അധിക യോഗ്യതകൾ രജിസ്റ്റർ ചെയ്യാതെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരമില്ലാത്ത അധിക യോഗ്യതകൾ പ്രദർശിപ്പിച്ചും ഡോക്ടർമാർ കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്നതായി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണിത്. രജിസ്റ്റർ ചെയ്യാത്തതും അംഗീകാരമില്ലാത്തതുമായ യോഗ്യതകൾ പ്രദർശിപ്പിച്ച് പ്രാക്ടീസ് ചെയ്യുന്നത് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ശിക്ഷാർഹമാണ്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ ചട്ടങ്ങൾക്ക് വിരുദ്ധമായി ഡോക്ടർമാരുടെ ചിത്രങ്ങളും യോഗ്യതകളും സഹിതം ആശുപത്രി മാനേജ്മെന്റുകൾ പത്രങ്ങളിലും സമൂഹമാധ്യമങ്ങളിലും പരസ്യം നൽകുന്നതും കൗൺസിലിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അത്തരം പ്രവർത്തികളിലും ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ കൗൺസിലിന് അധികാരമുണ്ട്.

മെഡിക്കൽ പ്രാക്ടീഷണർമാർ അവർ പ്രാക്ടീസ് ചെയ്യുന്ന സ്ഥലത്ത് സംസ്ഥാന മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നമ്പർ, രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യതകൾ, കേരള സംസ്ഥാന മെഡിക്കൽ കൗൺസിൽ നൽകിയിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (നിയമപരമായി സാക്ഷ്യപ്പെടുത്തിയ പകർപ്പ്) എന്നിവ പ്രദർശിപ്പിക്കണം. സംസ്ഥാന മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യതകളും അധിക യോഗ്യതകളും രജിസ്ട്രേഷൻ നമ്പർ എന്നിവ മാത്രമേ പ്രാക്ടീസ് ചെയ്യുന്ന സ്ഥലത്തും മരുന്ന് കുറിപ്പടികളിലും ലെറ്റർ പാഡുകളിലും സീലുകളിലും ഉപയോഗിക്കാവൂ.

കേരളത്തിലെ മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന മോഡേൺ മെഡിക്കൽ പ്രാക്ടീഷണർമാരുടെ കേരള സംസ്ഥാന മെഡിക്കൽ കൗൺസിൽ നൽകിയിട്ടുള്ള അസൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് അവരുടെ യോഗ്യത ഉറപ്പുവരുത്തണം. സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റഡ് കോപ്പികൾ / നിയമപരമായി സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്ഥാപനത്തിൽ സൂക്ഷിക്കുകയും വേണം. മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, ക്ലിനിക്കുകളിലെല്ലാം ഡിസ്പ്ലേ ബോർഡുകളിൽ മെഡിക്കൽ പ്രാക്ടീഷണർമാരുടെ പേര്, യോഗ്യത, മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അധിക യോഗ്യത, രജിസ്ട്രേഷൻ നമ്പർ എന്നിവ ഉൾപ്പെടുത്തണം.

ആധുനിക വൈദ്യശാസ്ത്ര സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ പ്രാക്ടീഷണർമാരുടെ പേര്, രജിസ്ട്രേഷൻ നമ്പർ, യോഗ്യതകൾ, അധിക യോഗ്യതകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള ലിസ്റ്റ് എല്ലാ സ്ഥാപന മേധാവികളും കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലേക്ക് സരാരറീരരീൃഹശരൈ@ഴാമശ ഹ.രീാ ൽ ഒക്ടോബർ 31 ന് മുമ്പ് സമർപ്പിക്കണമെന്നും സംസ്ഥാന മെഡിക്കൽ കൗൺസിൽ അറിയിച്ചു.

# ജ്വല്ലറിയെ കബളിപ്പിച്ച് പണംതട്ടിയ കേസിൽ ദമ്പതികൾ അറസ്റ്റിൽ

പേരൂർക്കട: ജ്വല്ലറിയിൽ നിന്നു കോടികളുടെ സ്വർണാഭരണങ്ങൾ വാങ്ങിയശേഷം ചെക്ക് കൊടുത്തു തട്ടിപ്പു നടത്തിയ സംഭവത്തിൽ ദമ്പതികളെ വഞ്ചിയൂർ പോലീസ് അറസ്റ്റുചെയ്തു. എറണാകുളം തൃപ്പൂണിത്തുറ റിഫൈനറി റോഡിൽ ചോയ്സ് സ്കൂളിനു സമീപം ചോയിസ് പാരഡൈസ് അപ്പാർട്ട്മെൻറ് 4 ഡിയിൽ താമസിക്കുന്ന രാജീവ് (46), ഭാര്യ ഷർമിള രാജീവ് (42) എന്നിവരാണ് അറസ്റ്റിലായത്.

സംസ്ഥാനത്തെ വിവിധ ജ്വല്ലറികളിൽനിന്ന് സ്വർണാഭരണങ്ങൾ വാങ്ങിയശേഷം ചെക്ക് കൊടുക്കുകയും ഒരാഴ്ചയ്ക്കുള്ളിൽ ചെക്ക് റദ്ദുചെയ്ത് സ്വർണവുമായി കടക്കുകയുമാണ് ഇവരുടെ രീതിയെന്നു പോലീസ് പറഞ്ഞു.കഴിഞ്ഞമാസം 17നാണ് പരാതിക്കാധാരമായ സംഭവം. തിരുവനന്തപുരം പൂളിമൂട്ടിലുള്ള ഒരു ജ്വല്ലറിയിലെത്തിയ പ്രതികൾ രണ്ടുകോടിയോളം രൂപ വിലവരുന്ന വിവിധ ഡിസൈനുകളിലുള്ള മാല, വള, ചെയിൻ എന്നിവ വാങ്ങി. ഒരു സ്വകാര്യബാങ്കിന്റെ തൃപ്പൂണിത്തുറ ബ്രാഞ്ചിലെ ചെക്ക് ജ്വല്ലറിയിൽ നൽകി.

ചെക്ക് മാറാതിരിക്കാൻ വിവിധ ന്യായീകരണങ്ങൾ പറഞ്ഞു വൈകിപ്പിച്ചു. തുടർന്നു ദമ്പതികളെ ഫോണിൽ വിളിച്ചപ്പോൾ സ്വിച്ച് ഓഫ് ആയ നിലയിലായിരുന്നു. ചെക്ക് കാ ൻസലായതായി ബാങ്കിൽനിന്ന് അറിയിപ്പു വന്നതോടെയാണ് വഞ്ചിയൂർ പോലീസിൽ പരാതി എത്തിയത്. തമിഴ്നാട്ടിൽനിന്നു വഞ്ചിയൂർ പൊലീസ് സംഘം കസ്റ്റഡിയിലെടുത്ത പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## ട്രേഡ്സ്മാൻ അഭിമുഖം

നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ ട്രേഡ്സ്മാൻ തസ്തികയിൽ താൽക്കാലിക നിയമനത്തിന് ഒക്ടോബർ 23ന് അഭിമുഖം നടത്തുന്നു.

ഐ റ്റി ഐ / വി എച്ച് എൽ ഇ / കെജിസിഇ / ഡിപ്ലോമയാണ് യോഗ്യത. താൽപര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസൽ, ഓരോ പകർപ്പ് എന്നിവയുമായി രാവിലെ 10 മണിക്ക് അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 0472 2812686, 9400006460.

## ഇന്റർവ്യു മാറ്റിവച്ചു

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി ഒക്ടോബർ 19ന് നടത്താനിരുന്ന ഇന്റർവ്യു മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീടറിയിക്കും.

## ഡെപ്യൂട്ടേഷൻ നിയമനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷൻ ഓഫീസിലേക്ക് സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ. എൻജിനിയർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷക്ഷണിച്ചു.സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ. എൻജിനിയർ തസ്തികയിൽ ഒരു ഒഴിവാണുള്ളത്. ഇറിഗേഷൻ/ പൊതുമരാമത്ത് (റോഡ്/ബിൽഡിംഗ്) / തദ്ദേശ സ്വയംഭരണ (എൻജിനിയറിംഗ് വിംഗ്) വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാം.

താത്പര്യമുള്ള ഉദ്യോഗസ്ഥർ കേരള സർവ്വീസ് റൂൾസ്, പാർട്ട് 1, റൂൾ 144 പ്രകാരമുള്ള പത്രിക, വകുപ്പ് തലവൻ നൽകുന്ന എൻഒസി, ബയോഡാറ്റ എന്നിവ സഹിതം മാതൃസ്ഥാപനം മുഖാന്തിരം അപേക്ഷിക്കണം.അപേക്ഷകൾ നവംബർ 15 ന് വൈകിട്ട് 5 ന് മുമ്പ് ലഭിക്കത്തക്ക വിധത്തിൽ 'മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, 3ാം നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം 695033' എന്ന വിലാസത്തിൽ അയയ്ക്കണം.

കൂടുതൽ വിവരങ്ങൾക്ക് 04712313385, 1800 425 1004 എന്നീ ഓഫീസ് നമ്പരുകളിൽ ബന്ധപ്പെടുക. വിശദ വിവരങ്ങൾ www.nregs.kerala.gov.in ലും ലഭ്യമാണ്.

## അഭിമുഖം

കേരള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ ഇടുക്കി ജില്ലയിലെ മറയൂർ മഹിള ശിക്ഷൺ കേന്ദ്രത്തിലേക്ക് ക്ലീനിങ് സ്റ്റാഫ് കം കുക്കിങ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിർദിഷ്ഠ യോഗ്യതയുള്ള വനിതാ ഉദ്യോഗാർഥികൾക്കായി അഭിമുഖം നടത്തുന്നു. മലയാളം എഴുതാനും വായിക്കാനും അറിയണം.

പ്രായപരിധി 23 വയസിന് മുകളിൽ. പ്രതിമാസ വേതനം 6,000 രൂപ. അപേക്ഷകർ വെള്ള പേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അസൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ഒക്ടോബർ 23ന് രാവിലെ 11ന് മറയൂർ സഹായഗിരി ആശുപത്രിയ്ക്ക് സമീപം പ്രവർത്തിക്കുന്ന മഹിള ശിക്ഷൺ കേന്ദ്രത്തിൽ അഭിമുഖത്തിന് ഹാജരാകണം.

കൂടുതൽ വിവരങ്ങൾക്ക് : സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, ടി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി. ഒ, തിരുവനന്തപുരം. ഫോൺ: 0471 2348666, വെബ്സൈറ്റ്: www.keralasamakhya.org.

## മലിനജലം കൊണ്ട് പൊറുതിമുട്ടി ചാല കൊത്തുവാൾ തെരുവ്

പേരൂർക്കട: സ്മാർട്ട് സിറ്റി പദ്ധതി പണി തുടങ്ങിയതോടെ തിരുവനന്തപുരം നഗരവുമായി ഒറ്റപ്പെട്ട അവസ്ഥയിൽ ചാല കൊത്തുവാൾ തെരുവിലെ 150ഓളം കുടുംബങ്ങളും 50ഓളം വ്യാപാരികളും. ആറുമാസത്തിനു മുമ്പാണ് അട്ടക്കുളങ്ങര ബൈപാസ് മുതൽ കിള്ളിപ്പാലം വരെ നീളുന്ന റോഡിന്റെയും ഓടയുടെയും പണി ആരംഭിച്ചത്.

ദീർഘവീക്ഷണമില്ലാതെ ആരംഭിച്ച പണി പാതിവഴിയിലായതോടെ ജനങ്ങൾക്ക് കുടിവെള്ളമില്ല, നടക്കാൻ റോഡില്ല, വ്യാപാരികൾക്കു കച്ചവടമില്ല എന്നായി സ്ഥിതി. പോരാത്തതിന് വീടുകളിൽനിന്നു പുറത്തിറങ്ങാനാകാത്ത വിധത്തിൽ വെള്ളക്കെട്ടും!ചാലയിലേത് വലിയ പദ്ധതിയാണെന്നും ഇത് ഏറ്റെടുത്തു നടത്താൻ പ്രാപ്തിയുള്ള കാരാറുകാർ ഇല്ലെന്നും അതുകൊണ്ടുതന്നെ അവർ മാറിമാറിപ്പോകുന്നത് പണി ഇടയ്ക്കുവച്ചു നിൽക്കാൻ കാരണമാകുന്നുവെന്നുമാണ് കൗൺസിലർ സിമി ജ്യോതിഷ് പറയുന്നത്. കഴിഞ്ഞ ഞായറാഴ്ചയാണ് പണി താത്കാലികമായി നിർത്തിവച്ചത്.

ഇനി 15നുശേഷമേ അറ്റകുറ്റപ്പണി പുനരാരംഭിക്കൂ എന്നാണു സൂചന. റോഡ് കുത്തിപ്പൊളിച്ച് ടാർ സമീപത്തെ വെള്ളം നിറഞ്ഞ ഓടയിലേക്കു തള്ളി. റോഡ് കുഴിച്ചതോടെ പൈപ്പുകൾ തുരുതുരാ പൊട്ടി വെള്ളക്കെട്ടായി മാറിയിരിക്കുകയാണ്.

ആംബുലൻസുകൾ കടന്നുവരാൻ വഴിയില്ല, ടാങ്കർലോറികളിൽ ജലമെത്തിക്കാനും റോഡില്ല ജനങ്ങൾ പരിതപിക്കുന്നു. ഇതോടെ ബന്ധുവീടുകളെ അഭയം പ്രാപിച്ചവരും ചില്ലറയല്ല. വെള്ളക്കെട്ടായതോടെ ജനങ്ങൾ വരാതായി. ഇതോടെ ചാലയിലെ വ്യാപാരികളുടെ കച്ചവടവും മുടങ്ങിയിരിക്കുകയാണ്.

# ജെൻ റോബോട്ടിക്സിൻറെ ഗെയ്റ്റ് ട്രെയിനിങ് റോബോട്ടായ ജിഗെയ്റ്ററിന് നാസ്കോം എമർജ് 50 അവാർഡ്




തിരുവനന്തപുരം: റോബോട്ടിക്സ്, എഐ മേഖലയിലെ മുൻനിര കമ്പനിയായ ജെൻ റോബോട്ടിക്സിൻറെ അഡ്വാൻസ്ഡ് ഗെയ്റ്റ് ട്രെയിനിങ് റോബോട്ടായ ജിഗെയ്റ്ററിന് നാസ്കോം എമർജ് 50 അവാർഡ്.കർണാടക ഇലക്ട്രോണിക്സ്, ഐടി/ബിടി, ഗ്രാമവികസന, പഞ്ചായത്ത് മന്ത്രി പ്രിയങ്ക് ഖാർഗെ, നാസ്കോം പ്രസിഡൻറ് രാജേഷ് നമ്പ്യാർ എന്നിവരുടെ സാന്നിധ്യത്തിൽ ബെംഗളൂരു താജ് വെസ്റ്റൻഡ് ഹോട്ടലിൽ നടന്ന നാസ്കോം ഫ്യൂച്ചർ ഫോർജ്2024 ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു.സ്ട്രോക്ക്, സുഷുമ്നാ നാഡിയിലെ ക്ഷതം, മസ്തിഷ്കാഘാതം എന്നിവ കാരണം നടത്ത വൈകല്യമുള്ള രോഗികൾക്ക് റോബോട്ടിക് സാങ്കേതികവിദ്യയുടെ സഹായത്തോടെ പരിശീലനം നൽകുന്നതിനായി ജെൻ റോബോട്ടിക്സ് വികസിപ്പിച്ച സംവിധാനമാണ് ജിഗെയ്റ്റർ. എക്സോസ്കെലിറ്റൺ അടിസ്ഥാനമാക്കിയുള്ള ജിഗെയ്റ്ററിലെ നടത്ത പുനരധിവാസത്തിൽ നൂതന ജിപ്ലോട്ട് സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്.

ഇന്ത്യയുടെ ടെക് ആവാസവ്യവസ്ഥയെ രൂപപ്പെടുത്തുന്ന നൂതന സ്റ്റാർട്ടപ്പുകളെ അടയാളപ്പെടുത്തുന്ന നാസ്കോം എമർജ് 50 പുരസ്കാരം ഈ മേഖലയിലെ പ്രമുഖ അംഗീകാരങ്ങളിലൊന്നാണ്. ആരോഗ്യ, സാമൂഹിക മേഖലയിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ജിഗെയ്റ്റർ ഉണ്ടാക്കിയ സ്വാധീനം പരിഗണിച്ചാണ് ജെൻ റോബോട്ടിക്സിനെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്.

ഇന്ത്യയിൽ പ്രതിവർഷം 1.8 ദശലക്ഷത്തിലധികം സ്ട്രോക്ക് കേസുകളും സ്ട്രോക്ക് സംബന്ധമായ വൈകല്യങ്ങളും സംഭവിക്കുന്നു. സുഷുമ്നാ നാഡിക്ക് പരിക്കേൽക്കുന്ന സംഭവങ്ങൾ, മറ്റ് ന്യൂറോളജിക്കൽ അവസ്ഥകൾ എന്നിവ കാരണവും ചലന വൈകല്യങ്ങൾ ഉണ്ടാകുന്നു. ഇതിന് ഫലപ്രദമായ പുനരധിവാസ പരിഹാരങ്ങൾ ഉണ്ടായിരുന്നില്ല. എഐ, വെർച്വൽ റിയാലിറ്റി എന്നിവ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ജിഗെയ്റ്റർ റോബോട്ടിക് സാങ്കേതികവിദ്യ ഈ പ്രശ്നത്തിന് നൂതന പരിഹാരം നിർദേശിച്ചു. ഇതുവഴി രോഗികളെ വേഗത്തിൽ സുഖം പ്രാപിക്കാനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സാധിച്ചു.കഴിഞ്ഞ രണ്ട് വർഷമായി ജി ഗെയ്റ്ററിനൊപ്പം പക്ഷാഘാത രോഗികളുടെ നടത്തത്തിലെ വിടവ് നികത്താനുള്ള ദൗത്യത്തിലാണ് തങ്ങളെന്ന് ജെൻ റോബോട്ടിക്സ് മെഡിക്കൽ ആൻഡ് മൊബിലിറ്റി ഡയറക്ടർ അഫ്സൽ മുട്ടിക്കൽ പറഞ്ഞു. രോഗികളുടെ നടത്ത പരിശീലനം, മെച്ചപ്പെട്ട പുനരധിവാസ അനുഭവം എന്നിവ സൃഷ്ടിക്കുന്നതിന് റോബോട്ടിക്സും എഐയും വിപുലമായി പ്രയോജനപ്പെടുത്തുന്നു. റോബോട്ടിക് സഹായത്തോടെ രണ്ട് ദശലക്ഷത്തലധികം ചുവടുകൾ ഇതിനോടകം പൂർത്തിയാക്കാനായി. ഈ മേഖലയിൽ ജെൻ റോബോട്ടിക്സിന് കൊണ്ടുവരാനായ മാറ്റം ഇതിലൂടെ വ്യക്തമാകും. കേരളത്തിലെ ആരോഗ്യമേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കുന്ന വിധത്തിൽ പ്രവർത്തനം വ്യാപിപ്പിക്കാനായി. മുംബൈ, ഡൽഹി, ബാംഗ്ലൂർ, തമിഴ്നാട് എന്നിവിടങ്ങളിലെ ആശുപത്രികളിൽ നിന്ന് ജിഗെയ്റ്ററിനായുള്ള അന്വേഷണങ്ങൾ ലഭിക്കുന്നുണ്ട്. ഈ ആശുപത്രികളിലെ പിഎംആർ വകുപ്പുകളിൽ മെച്ചപ്പെട്ട രോഗി പരിചരണവും പിന്തുണയും നൽകാൻ ജിഗെയ്റ്ററിന് സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ജിഗെയ്റ്ററിൻറെ സേവനം നിലവിൽ കൊച്ചി അമൃത, അരീക്കോട് ആസ്റ്റർ മദർ, തിരുവനന്തപുരം ജനറൽ ആശുപത്രി, തിരുവനന്തപുരം എസ്പി വെൽഫോർട്ട്, കണ്ണൂർ തണൽ ബ്രെയിൻ ആൻഡ് സ്പൈൻ മെഡ്സിറ്റി, തിരുവനന്തപുരം കിംസ്ഹെൽത്ത് എന്നീ ആശുപത്രികളിൽ വിജയകരമായി നടപ്പാക്കി. ആരോഗ്യപരിപാലന വിദഗ്ധരും പുനരധിവാസ വിദഗ്ധരും ജിഗെയ്റ്റർ ഉൾപ്പെടുത്തിയ പുനരധിവാസ പ്രക്രിയയുടെ കാര്യക്ഷമത റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജിഗെയ്റ്ററിലൂടെ മെച്ചപ്പെട്ട രോഗികളുടെ ഫലങ്ങൾ, നടത്ത വിശകലനത്തിൽ മെച്ചപ്പെട്ട കൃത്യത എന്നിവ ഇവർ സാക്ഷ്യപ്പെടുത്തുന്നു.

നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ജെൻ റോബോട്ടിക്സിൻറെ പരിശ്രമങ്ങൾ ഏറെ അംഗീകരിക്കപ്പെട്ടതാണ്. ആരോഗ്യ സംരക്ഷണം മുതൽ പ്രതിരോധ മേഖല വരെയുള്ള വ്യവസായങ്ങളിലുടനീളം മനുഷ്യൻറെ കഴിവുകൾ വർധിപ്പിക്കുന്നതിന് റോബോട്ടിക്സും എഐയും പ്രയോജനപ്പെടുത്തുകയാണ് കമ്പനിയുടെ ലക്ഷ്യം. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മനുഷ്യരാശി നേരിടുന്ന വെല്ലുവിളികൾക്ക് അർഥവത്തായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത ജെൻ റോബോട്ടിക്സ് വ്യക്തമാക്കുന്നു.

## ലെബനനിലെ ഹിസ്ബുള്ള താവളങ്ങളിൽ നിന്നും റഷ്യൻ ആയുധങ്ങൾ കണ്ടെത്തിയതായി നെതന്യാഹു

പാരീസ്: തെക്കൻ ലെബനനിലെ ഹിസ്ബുള്ള താവളങ്ങളിൽ ഇസ്രായേൽ സൈന്യം നടത്തിയ തിരച്ചിലിൽ അത്യാധുനിക റഷ്യൻ ആയുധങ്ങൾ കണ്ടെത്തിയതായി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു.

2006 ലെ യുഎൻ സുരക്ഷാ കൗൺസിൽ പ്രമേയം അനുസരിച്ച്, ലെബനൻ സൈന്യത്തിന് മാത്രമേ ലിറ്റാനി നദിക്ക് തെക്ക് വശം ആയുധങ്ങൾ കൈവശം വയ്ക്കാൻ അനുവാദമുള്ളൂവെന്ന് ഫ്രഞ്ച് ദിനപത്രമായ ലെ ഫിഗാരോയ്ക്ക് അനുവദിച്ച അഭിമുഖത്തിൽ നെതന്യാഹു ചൂണ്ടിക്കാട്ടി.

ഈ പ്രദേശത്ത്, ഹിസ്ബുള്ള നൂറുകണക്കിന് തുരങ്കങ്ങൾ കുഴിക്കുകയും ആയുധങ്ങൾ ശേഖരിച്ചുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അവിടെ ഞങ്ങൾ അത്യാധുനിക റഷ്യൻ ആയുധങ്ങൾ കണ്ടെത്തി. നെതന്യാഹുവിനെ ഉദ്ധരിച്ച് ഫ്രഞ്ച് ലേഖനം പറഞ്ഞു.

ലെബനനിലെ ആഭ്യന്തരയുദ്ധം ഒരു ദുരന്തമായിരിക്കും. പ്രകോപനം സൃഷ്ടിക്കുക എന്നത് തീർച്ചയായും ഞങ്ങളുടെ ലക്ഷ്യമല്ല. ലെബനന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ ഇസ്രായേൽ ഉദ്ദേശിക്കുന്നില്ല. ലെബനൻ അതിർത്തിയിൽ താമസിക്കുന്ന ഞങ്ങളുടെ പൗരന്മാരെ നാട്ടിലേക്ക് പോകാനും സുരക്ഷിതത്വം അനുഭവിക്കാനും അനുവദിക്കുക എന്നതാണ് ഞങ്ങളുടെ ഏക ലക്ഷ്യം. നെതന്യാഹു ലെ ഫിഗാരോയോട് പറഞ്ഞു.

അതേസമയം, ഹിസ്ബുള്ളയുമായുള്ള സംഘർഷം രൂക്ഷമായതിന് പിന്നാലെ ലെബനനിൽ ഇസ്രായേൽ നടത്തിയ റെയ്ഡുകളിൽ റഷ്യൻ, ചൈനീസ് ടാങ്ക് വിരുദ്ധ ആയുധങ്ങൾ കണ്ടെത്തിയതായി ഇസ്രേലി ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് വാഷിംഗ്ടൺ പോസ്റ്റ് റിപ്പോർട്ട് ചെയ്തു.

## മുനിസിപ്പാലിറ്റി യോഗത്തിനു നേർക്ക് ഇസ്രേലി ആക്രമണം: ലബനനിൽ മേയർ അടക്കം കൊല്ലപ്പെട്ടു

ബെയ്റൂട്ട്: അമേരിക്കയുടെ സമ്മർദങ്ങളെ അവഗണിച്ച് ഇസ്രേലി സേന ലബനനിൽ ശക്തമായ ആക്രമണം തുടരുന്നു. തെക്കൻ ലബനനിലെ നബാത്തിയെയിൽ നഗരസഭാ ഉദ്യോഗസ്ഥരുടെ യോഗം നടക്കുന്നതിനിടെയുണ്ടായ ഇസ്രേലി ആക്രമണത്തിൽ മേയർ അടക്കം ആറു പേർ കൊല്ലപ്പെട്ടു. 43 പേർക്കു പരിക്കേറ്റു. തലസ്ഥാനമായ ബെയ്റൂട്ടിൽ അഞ്ചു ദിവസത്തിനുശേഷം ഇന്നലെ വ്യോമാക്രമണമുണ്ടായി.

നബാത്തിയെയിലെ ലബനീസ് ജനതയ്ക്കു സഹായ വിതരണം ഉറപ്പുവരുത്തുന്ന നടപടികൾ ചർച്ചചെയ്യാൻ മേയറുടെ നേതൃത്വത്തിൽ മുനിസിപ്പൽ ഉദ്യോഗസ്ഥരുടെ യോഗം ചേരുന്നതിനിടെയാണ് ഇസ്രേലി ആക്രമണമുണ്ടായത്.

മേയർ അഹമ്മദ് കാഹിലും നാലു മുനിസിപ്പാലിറ്റി ജീവനക്കാരും സമീപത്തെ കെട്ടിടത്തിലുണ്ടായിരുന്ന മറ്റൊരാളുമാണ് കൊല്ലപ്പെട്ടത്. ഇസ്രേലി സേന മനഃപൂർവം മുനിസിപ്പാലിറ്റി കെട്ടിടത്തെ ലക്ഷ്യമിടുകയായിരുന്നുവെന്നു ലബനീസ് പ്രധാനമന്ത്രി നജീബ് മിക്കാത്തി ആരോപിച്ചു.

നബാത്തിയെ സംഭവത്തിനു മുന്പായി ബെയ്റൂട്ടിൽ ഹിസ്ബുള്ള കേന്ദ്രങ്ങളിൽ വ്യോമാക്രമണം നടത്തിയതായി ഇസ്രേലി സേന അറിയിച്ചിരുന്നു. ഇസ്രേലി സേന ബെയ്റൂട്ടിലെ ആക്രമണങ്ങൾ പരിമിതപ്പെടുത്തുമെന്ന ഉറപ്പ് അമേരിക്കയിൽനിന്നു ലഭിച്ചുവെന്ന് ലബനീസ് പ്രധാനമന്ത്രി നജീബ് മിക്കാത്തി അറിയിച്ചതിനു പിന്നാലെയായിരുന്നു ഇത്.

അമേരിക്കയുടെ സമ്മർദത്തെ അവഗണിക്കാൻ ലക്ഷ്യമിട്ടാണ് ഇസ്രയേലിന്റെ നീക്കങ്ങളെന്നു വിലയിരുത്തപ്പെടുന്നു. ഹിസ്ബുള്ളയുമായി വെടി നിർത്താനാകില്ലെന്ന് ഇസ്രേലി പ്രധാനമന്ത്രി നെതന്യാഹു കഴിഞ്ഞദിവസം വ്യക്തമാക്കിയിരുന്നു. ഇതിനിടെ തിങ്കളാഴ്ച വടക്കൻ ലബനനിൽ 23 പേർ കൊല്ലപ്പെട്ട ഇസ്രേലി ആക്രമണത്തെക്കുറിച്ച് അന്വേഷണം വേണമെന്ന് യുഎൻ മനുഷ്യാവകാശ ഓഫീസ് ആവശ്യപ്പെട്ടു. മരിച്ചവരിൽ 12 വനിതകളും രണ്ടു കുട്ടികളും ഉൾപ്പെട്ടിരുന്നു.

## പോലീസുകാരനെ കഴുത്തറത്തു കൊലപ്പെടുത്തിയ സംഭവത്തിൽ ദുരൂഹതയേറുന്നു

കൊല്ലം: ചിതറയിൽ പോലീസുകാരനായ യുവാവിനെ കഴുത്തറുത്തു കൊലപ്പെടുത്തിയ നിലയിൽ കണ്ടെത്തിയ സംഭവത്തിൽ അറസ്റ്റിലായ പ്രതിയെ റിമാൻഡ് ചെയ്തു. അടൂർ പോലീസ് ക്യാന്പിലെ ഹവിൽദാർ നിലമേൽ വളയിടം ചരുവിള പുത്തൻവീട്ടിൽ ഇർഷാദാണ് (26) കൊല്ലപ്പെട്ടത്.

കേസിൽ ചിതറ കല്ലുവെട്ടാൻകുഴി വിശ്വാസ് നഗർ യാസിൻ മൻസിലിൽ മുഹമ്മദ് സഹദിനെ(26) സംഭവ ദിവസം തന്നെ പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് നടത്തിയ ചോദ്യം ചെയ്യലിൽ പ്രതി പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് പറയുന്നതെന്നാണ് വിവരം. മൊഴികൾ പലതും വിശ്വാസയോഗ്യവുമല്ല.

പ്രതിയുടെ ബന്ധുക്കളുടെ മൊഴികളിൽ പോലും വൈരുധ്യങ്ങൾ ഉണ്ട്. ഒട്ടേറെ ദുരൂഹതകൾ നിറഞ്ഞ സംഭവത്തിൽ കൂടുതൽ തെളിവുകൾ ശേഖരിച്ച് കൊലപാതകത്തിൽ മറ്റാർക്കെങ്കിലും പങ്കുണ്ടോയെന്ന അന്വേഷണത്തിലാണ് പോലീസ്.

അഞ്ച് വർഷം മുമ്പ് സ്പോർട്സ് ക്വാട്ടയിലാണ് ഇർഷാദിന് പോലീസിൽ ജോലി ലഭിച്ചത്. കഴിഞ്ഞ കുറേനാളുകളായി ഇയാളെ ജോലിയിൽ നിന്നും മാറ്റി നിർത്തിയിരിക്കുകയാണ്. ജോലിക്ക് സ്ഥിരമായി എത്താത്തതിനാൽ കാരണം കാണിക്കൽ നോട്ടീസ് അധികൃതർ നൽകിയിട്ടും മറുപടി നൽകാത്ത സാഹചര്യത്തിലാണ് ജോലിയിൽ നിന്നും മാറ്റി നിർത്തിയിരുന്നത്.

മാതാപിതാക്കളുടെ മരണശേഷം നിലമേൽ വളയിടത്തെ വീടുമായി ഇർഷാദിന് വലിയ ബന്ധമില്ലായിരുന്നു. സുഹൃത്തുക്കളുമായി കറങ്ങി നടക്കുകയായിരുന്നു. അവരോടൊപ്പമായിരുന്നു താമസവും. അറസ്റ്റിലായ പ്രതി സഹദ് ബാല്യകാല സുഹൃത്താണ്.

സഹദ് ഉൾപ്പെട്ട ലഹരി മരുന്ന് സംഘവുമായി ഇർഷാദിന് ബന്ധമുണ്ടായിരുന്നതായും ഇരുവരും ലഹരി മരുന്ന് ഉപയോഗിച്ചിരുന്നതായും പോലീസ് കണ്ടെത്തിയിട്ടുണ്ട്. ചടയമംഗലം കേന്ദ്രമായി തട്ടിപ്പ് നടത്തുന്ന മന്ത്രവാദി സംഘവുമായും ഇവർക്ക് ബന്ധമുണ്ടെന്നുള്ള ചില സൂചനകളും പോലീസിന് ലഭിച്ചിട്ടുണ്ട്.

തിങ്കളാഴ്ച രാവിലെ സഹദിന്റെ വീട്ടിലായിരുന്നു കൊലപാതകം നടന്നത്. കുറച്ച് ദിവസമായി ഇയാൾക്കൊപ്പമാണ് ഇർഷാദ് താമസിച്ചിരുന്നത്. പാരിപ്പള്ളി മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയ മൃതദേഹം നിലമേൽ കണ്ണങ്കോട് മുസ്ലിം ജമാ അത്ത് പള്ളി ഖബർ സ്ഥാനിൽ സംസ്കരിച്ചു.

## ചട്ടങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ അന്വേഷണത്തിന് നിർദേശം

വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്കാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനധികൃത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയതായി പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ സ്ഥാപനങ്ങളെ അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിരുദ്ധമായി വാടകയ്ക്കെടുത്ത വീടുകളിൽ ആവശ്യമായ കളിസ്ഥലം ഉറപ്പുവരുത്താതെ സ്കൂളുകൾ നടത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടങ്ങളുടെ ഫിറ്റ്നെസ് ഉറപ്പുവരുത്താത്തതും യോഗ്യത ഇല്ലാത്ത അധ്യാപകരെ നിയമിക്കുന്നതും അമിത ഫീസ് വാങ്ങുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. സർക്കാർ നിശ്ചയിക്കുന്ന സമയപരിധിക്കതീതമായി അഡ്മിഷനും പരീക്ഷകളും നടത്തുന്നുണ്ട്. ഇതൊക്കെ കണ്ടെത്തുന്നതിലേക്ക് സമഗ്രമായ അന്വേഷണം നടത്താനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. മട്ടാഞ്ചേരിയിലും തൃശൂരിലും ഉണ്ടായ സംഭവങ്ങളിൽ അന്വേഷണം നടത്തിയതായും മന്ത്രി അറിയിച്ചു.

## വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള വനിതാ കമ്മീഷനിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ സർവ്വീസിൽ സമാന തസ്തികയിൽ (3930083000) ശമ്പള സെകെയിലിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നി ശ്ചി ത ഫോമിലുള്ള അപേക്ഷ നിരാക്ഷേപപത്രം സഹിതം മേലധികാരി മുഖേന മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, ലൂർദ്ദ് പള്ളിക്കുസമീപം, പിഎംജി, പട്ടം പി.ഒ തിരുവനന്തപുരം 695004 എന്ന വിലാസത്തിൽ ഒക്ടോബർ 26 നകം ലഭിക്കണം.

## ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

തിരുവനന്തപുരം ചാക്ക ഗവ. ഐടിഐയിൽ ഡ്രാഫ്സ്മാൻ മെക്കാനിക് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവിൽ വിശ്വകർമ്മ കാറ്റഗറിയിൽ താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. ഉദ്യോഗാർഥികൾ ഒക്ടോബർ 18 ന് 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുമായി ചാക്ക ഗവ. ഐടിഐ പ്രിൻസിപ്പൽ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം. എസ്എസ്എൽസി, ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സിയും 3 വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. എൻഎസിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിപ്ലോമ/ഡിഗ്രി ഉള്ളവർക്കും അപേക്ഷിക്കാം.

## രണ്ടാം ഘട്ട താത്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിലെയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെയും 202425 ലെ പി.ജി. നഴ്സിംഗ് കോഴ്സിലേക്ക് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത താത്കാലിക അലോട്ട്മെന്റ് ൦൦൦.രലല.സല്യമഹമ.ഴ്.ശി എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫേം നടത്തിയവരുടെ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. താത്കാലിക അലോട്ട്മെന്റ് ലിസ്റ്റിൽ പരാതികൾ ഉള്ളപക്ഷം ഒക്ടോബർ 17 ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി രലലസശിളീ.രലല@സല്യമഹമ.ഴ്.ശി എന്ന ഇമെയിൽ മുഖേന പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്. സാധുവായ പരാതികൾ പരിഹരിച്ച ശേഷം അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കും. അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.c-e-e.k-er-a-l-a.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

## എയ്ഡഡ് സ്കൂളിൽ അധ്യാപക നിയമനം

തിരുവനന്തപുരം എയ്ഡഡ് സ്കൂളിൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥികൾക്കായി (കേൾവിക്കുറവ് 1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവ് ഉണ്ട്. ബിരുദവും ബി.എഡ് / ബി ടി പാസായിരിക്കണം. യോഗ്യത പരീക്ഷ പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടാകണം. പ്രായപരിധി 1840 വയസ്സ് (ഭിന്നശേഷിക്കാർക്ക് നിയമാനുസൃത വയസിളവ്) നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒക്ടോബർ 22 ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം.

## എം.ഡി.എസ്. കോഴ്സ് പ്രവേശനത്തിന് ഭിന്നശേഷിക്കാർക്ക് മെഡിക്കൽ പരിശോധന

സംസ്ഥാനത്തെ എം.ഡി.എസ്. കോഴ്സ് പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്കായി മെഡിക്കൽ ബോർഡ് സംഘടിപ്പിക്കുന്നു. ഒക്ടോബർ 18 ന് രാവിലെ 11.00 ന് തിരുവനന്തപുരത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന പരിശോധനയിൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകാൻ വിട്ടുപോയ വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. അത്തരം വിദ്യാർത്ഥികൾ മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കുന്ന വിവരം ഇമെയിലിലൂടെ ഒക്ടോബർ 17 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2525300.

## പി.പി. ദിവ്യയുടെ ഭർത്താവ് പി. ശശിയുടെ ബെനാമി; നവീൻ ബാബു അഴിമതിക്കാരനല്ലെന്ന് പി.വി. അൻവർ

പാലക്കാട്: കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി. ദിവ്യയുടെ ഭർത്താവ് മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിയുടെ ബെനാമിയാണെന്ന് പി.വി. അൻവർ എംഎൽഎ. പി. ശശിക്ക് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിരവധി പെട്രോൾ പന്പുകൾ ഉണ്ട്. പുതിയ പന്പുകൾ നിർമിക്കുന്നുമുണ്ട്. അതിൽ ഒരു പന്പിന്റെ ബെനാമിയാണ് ദിവ്യയുടെ ഭർത്താവെന്നും അൻവർ പറഞ്ഞു.

എഡിഎം നവീൻ ബാബുവിന്റെ മരണത്തിനു പിന്നിൽ കേരളം ഞെട്ടുന്ന സത്യങ്ങൾ ഉണ്ടെന്നും അൻവർ വാർത്തസമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ രണ്ട് ദിവസമായി താൻ അന്വേഷിച്ച് അറിഞ്ഞ കാര്യങ്ങൾ കേട്ടാൽ കേരളം ഞെട്ടും.ഈ എഡിഎം സത്യസന്ധനായ വ്യക്തിയാണ്. അദ്ദേഹം കൈക്കൂലി വാങ്ങിയിട്ടില്ല. അമിതമായ പി. ശശിയുടെ ഇടപെടലുകളെ നവീൻ എതിർത്തിട്ടുണ്ട്. ശശിയുടെ ഇങ്കിതത്തിനു വഴങ്ങാത്ത ഓഫീസറായിരുന്നു നവീൻ.

എഡിഎമ്മിന്റെ ആവശ്യപ്രകാരമാണ് സ്ഥലമാറ്റം കൊടുക്കുന്നത്. ശശിയുടെ സമ്മർദത്തിൽ പ്രവർത്തിക്കാൻ കഴിയില്ലെന്നും അതിനുള്ള മാനസികാവസ്ഥയില്ലെന്നും പാർട്ടിയെ ബോധ്യപ്പെടുത്തിയ ശേഷമാണ് എഡിഎമ്മിനു സ്ഥലമാറ്റം കൊടുത്തത്.

ആ മാറിപോകുന്ന ഘട്ടത്തിലാണ് ഇവനൊരു പണികൊടുക്കണമെന്ന് പി. ശശി ആലോചിക്കുന്നത്. ഒരു കൈക്കൂലിക്കാരനാണ് സ്ഥലംമാറിവരുന്നതെന്ന് പൊതുസമൂഹത്തെ അറിയിക്കാനുള്ള ആയുധമാക്കാനാണ് ജില്ലാ പഞ്ചായത്ത് പ്രസിഡൻറിനെ ശശി ഉപയോഗിച്ചത്.ഇതിനിൽ പിന്നുലുണ്ടായ കാര്യങ്ങളിൽ കൃത്യമായ പോലീസ് അന്വേഷണം അല്ല നടക്കുന്നത്. ഇപ്പോൾ നടക്കുന്നത്, എഡിഎം അഴിമതിക്കാരനാണെന്ന് പറഞ്ഞ് മുൻപ് പരാതി കിട്ടിതായി കള്ളപരാതിയുണ്ടാക്കി അതിനു രജിസ്റ്റർ ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. സർക്കാരിനാണ് ഇതിന്റെ ഉത്തരവാദിത്വം. ഒരു പൊളിറ്റിക്കൽ സെക്രട്ടറിയെ ഈ നാടിന്റെ ഗുണ്ടായിസത്തിന്റെ തലവനാക്കി വാഴിക്കുന്ന അവസ്ഥയിലെത്തിയെന്നും അൻവർ കൂട്ടിച്ചേർത്തു.